സി.എൽ.റ്റി(3) 37727/2015 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 22.12.2015

**Email :** keralarcs.coop@kerala.gov.in
**Website : www.cooperation.kerala.gov.in**
**Tel : No. 0471 2330726**

## സർക്കുലർ 54/2015

വിഷയം- സഹകരണ വകുപ്പ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ -എക്സിക്യൂഷൻ പെറ്റീഷനുകൾ ഫയൽ ചെയ്യുന്നത്- സംബന്ധിച്ച്

സൂചന- അഡീഷണൽ രജിസ്ട്രാർ/ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 4.8.2015 ലെ കത്ത്

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും ഒരേ വസ്തുവിന്റെ തന്നെ ഈടിൻമേൽ ഒന്നിൽ കൂടുതൽ വായ്പകൾ അംഗങ്ങൾക്ക് നൽകി വരുന്നുണ്ട്. ഇപ്രകാരം നൽകിയ വായ്പകളിൽ കുടിശ്ശിക വരുത്തുമ്പോൾ എല്ലാ വായ്പകൾക്കും കൂടി ഒരൊറ്റ എക്സിക്യൂഷൻ പെറ്റീഷൻ ആണ് പല ബാങ്കുകളും ഫയൽ ചെയ്യുന്നത്. വ്യത്യസ്ത വായ്പകൾക്ക് വ്യത്യസ്ത എക്സിക്യൂഷൻ പെറ്റീഷനുകൾ ഫയൽ ചെയ്യുന്ന ബാങ്കുകൾക്ക് കടാശ്വാസ പദ്ധതികളോ, മൊറട്ടോറിയമോ, മറ്റ് ഏതെങ്കിലും നിയമ തടസ്സങ്ങളോ ഉണ്ടാകുകയാണെങ്കിൽ ആ വായ്പയുമായി ബന്ധപ്പെട്ടിട്ടുള്ള എക്സിക്യൂഷൻ പെറ്റീഷൻ മാറ്റി വച്ചശേഷം മറ്റു വായ്പകളുടെ എക്സിക്യൂഷൻ പെറ്റീഷനുകളിൽ നടപടി സ്വീകരിക്കുവാൻ കഴിയും. ആയതിനാൽ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനും എക്സിക്യൂഷൻ നടപടികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനും ഓരോ വായ്പകൾക്കും ഓരോ എക്സിക്യൂഷൻ പെറ്റീഷനുകൾ ഫയൽ ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു.

**ഒപ്പ്,**

**എസ്. ലളിതാംബിക ഐ.എ.എസ്**
**സഹകരണ സംഘം രജിസ്ട്രാർ**

1) രജിസ്ട്രാർ,
കേരള ഹൈക്കോടതി-ഉപരിപത്രം സഹിതം
എറണാകുളം.
2) സെക്രട്ടറി,
കേരള നിയമസഭ- ഉപരിപത്രം സഹിതം.
തിരുവനന്തപുരം
3) ആഡിറ്റ് ഡയറക്ടർ
ആഡിറ്റ് ഡയറക്ടറുടെ ആഫീസ് ,
വികാസ് ഭവൻ, തിരുവനന്തപുരം.
4) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ
കാർഷിക ഗ്രാമ വികസന ബാങ്ക്, സ്റ്റാച്യൂ, തിരുവനന്തപുരം
5) അഡീഷണൽ രജിസ്ട്രാർ/ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
സ്റ്റാച്യൂ, തിരുവനന്തപുരം
6) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
(ജോയിന്റ് രജിസ്ട്രാർമാർ (ജനറൽ)മുഖേന)
8) എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
(ജോയിന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
9) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
10) വെബ്സൈറ്റ്
11) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)